LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. നിയമന നടപടികളിലെ കാലതാമസം

57 [870] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) പി. എസ്. സി. മുഖേനയുള്ള നിയമനങ്ങളിൽ ഉണ്ടാകുന്ന കാലതാമസത്തിനു പരിഹാരം കാണാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

വനിതാ പോലീസ് റാങ്ക് ലിസ്റ്റിനെ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ

58 [871] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്:

" തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസത്തേക്ക് കൂടി നീട്ടാൻ 15-7-2003-ൽ പി. എസ്. സി.-യോട് സർക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) 30-12-2000-ൽ നിലവിൽ വന്ന ഈ ലിസ്റ്റിൽ നിന്ന് അഡ്വൈസ് ചെയ്യുന്നതിനുള്ള നിയമ തടസ്സം വിശദമാക്കാമോ;

(സി) പുതിയ വനിതാ പോലീസ് കോൺസ്റ്റബിൾ, റാങ്ക് ലിസ്റ്റ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാനും 30-12-2003-ൽ പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാനും 31-7-2004-ൽ പുതിയ പരീക്ഷ നടത്തുവാനും സർക്കാർ പി. എസ്. സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള വനിതാ പോലീസിന്റെ റാങ്ക് ലിസ്റ്റിലുള്ള മിക്ക ഉദ്യോഗാർത്ഥികൾക്കും പ്രായപരിധി കഴിഞ്ഞിട്ടുള്ളതിനാൽ ഇവരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 5-8-2003-ന് കാലാവധി തീരുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ആറ് മാസം കൂടെ ദീർഘിപ്പിക്കാൻ 15-7-2003-ലെ സർക്കാർ കത്ത് നമ്പർ 11036/ഉ.ഭ.പ.സി 3/03/ഉ.ഭ.പ.വ. കത്ത് പ്രകാരം സർക്കാർ പി. എസ്. സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.